**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഉണർവ്വ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉണർവ്വ് പദ്ധതി വിശദമാക്കാമോ; | (എ) | വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്വ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പഠനം കഴിഞ്ഞുള്ള ഒഴിവ് സമയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അനഭിലഷണീയ പ്രവണതകളിലേക്ക് പോകാതെ കായികപരമായും കലാപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ കലാ-കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കലാ-കായിക ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് ആകെ 30 സ്കൂളുകളിൽ 'ഉണർവ്വ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഓരോ സ്കൂളിനും എത്ര രൂപയാണ് ഉണർവ്വ് പദ്ധതിയിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തിരഞ്ഞെടുത്ത സ്കൂളിന്റെ പ്രൊപ്പോസൽ പരിശോധിച്ച് പരമാവധി 5 ലക്ഷം രൂപ വരെയാണ് ഓരോ സ്കൂളിനും അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ